# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2205**

13-06-2019 ൽ മറുപടിയ്ക്ക്

## തുറമുഖ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ടഗ് മാറ്റാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) അറ്റകുറ്റ പണികൾക്കായി കൊണ്ടുവന്ന തുറമുഖ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ടഗ് ഇടക്കൊച്ചിയിലെ പാമ്പായിമൂലയ്ക്ക് കിഴക്കുവശം വേമ്പനാട് കായലിൽ, മത്സ്യബന്ധനത്തിനും പരിസ്ഥിതിക്കും തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | | (എ) യും (ബി) യും (സി) യും. പാമ്പായിമൂലയ്ക്ക് സമീപമായി കാണുന്ന ജലയാനം തുറമുഖവകുപ്പിന്റെ ഉടമസ്ഥതയിലുള്ളതല്ല. 1996-ൽ 600 എച്ച്.പി. ശേഷിയുള്ള ഒരു ടഗ്ഗ് നിർമ്മിക്കാൻ തുറമുഖ ഡയറക്ടർ ഇടക്കൊച്ചിയിലുള്ള ഡെൽറ്റാ മറൈൻ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയത്ത് പണി പൂർത്തിയാക്കി ടി യാനം തുറമുഖ വകുപ്പിന് കൈമാറാൻ പ്രസ്തുത കമ്പനിക്ക് കഴിഞ്ഞില്ല. കരാർ പ്രകാരമുള്ള സമയത്ത് ജലയാനം കൈമാറാത്തതിനാൽ ടി കമ്പനിയുമായുള്ള കരാർ തുറമുഖ ഡയറക്ടർ റദ്ദ് ചെയ്യുകയും ടി സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തു. ടി നടപടിക്കെതിരെ കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായം തീർപ്പാക്കാത്തതിനാലും ടഗ്ഗ് വകുപ്പിന് കൈമാറിയിട്ടില്ലാത്തതിനാലും തുടർനടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണ്. |
| (ബി) കോടികൾ വിലവരുന്ന ഈ ടഗ് സംബന്ധിച്ച് തർക്കങ്ങളോ അന്വേഷണമോ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | |
| (സി) പരിസ്ഥിതിയ്ക്ക് കോട്ടവും മത്സ്യബന്ധനത്തിന് തടസ്സവും സൃഷ്ടിക്കുന്ന ഈ ടഗ് ഇവിടെ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ